പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഫെബ്രുവരി 23, 2017

## സുവർണ്ണ കടപത്ര പദ്ധതി 2016-17 IVാം ശ്രേണി

ഭാരതീയ റിസർവ് ബാങ്ക് ഭാരത സർക്കാരുമായി കൂടിയാലോചിച്ച് സുവർണ്ണ കടപത്രം 2016-17 IVാം ശ്രേണി പുറപ്പെടുവിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. കടപ്പത്രത്തിനുള്ള അപേക്ഷകൾ 2017 ഫെബ്രുവരി 27 മുതൽ മാർച്ച് 3 വരെ സ്വീകരിക്കുന്നതാണ്. 2017 മാർച്ച് 17 ന് കടപ്പത്രങ്ങൾ വിതരണം ചെയ്യുന്നതാണ്. ബാങ്കുൾ സ്റ്റോക്ക് ഹോൾഡിംഗ് കോർപ്പറേഷൻ, നിർദ്ദിഷ്ട തപാൽ ഓഫീസുകൾ, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച്, ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് എന്നീ അംഗീകൃത സ്റ്റോക്ക് എക്സ്ചേഞ്ചുകൾ വഴി കടപ്പത്രങ്ങൾ വില്പന നടത്തുന്നതാണ്. കടപ്പത്രത്തിന്റെ സവിശേഷതകൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | വിശദാംശങ്ങൾ |
|---|---|---|
| 1 | ഉല്പന്നത്തിന്റെ പേര് | സുവർണ്ണ കടപത്രം 2016-17 IVാം ശ്രേണി |
| 2 | വിതരണം | ഭാരത സർക്കാരിനു വേണ്ടി ഭാരതീയ റിസർവ്വ് ബാങ്ക് വിതരണം ചെയ്യുന്നു. |
| 3 | അർഹത | ഭാരതത്തിൽ വസിക്കുന്ന വ്യക്തികൾ, HUF, ട്രസ്റ്റ്, സർവ്വകലാശാലകൾ, ധർമ്മ സ്ഥാപനങ്ങൾ |
| 4 | വില | ഒരു ഗ്രാം സ്വർണ്ണത്തിന്റെ വിലയും അതിന്റെ ഗുണിതങ്ങളും |
| 5 | കാലാവധി | കടപ്പത്രത്തിന്റെ കാലാവധി 8 വർഷമായിരിക്കും 5ാം വർഷം മുതൽ പദ്ധതിയിൽനിന്നും മാറാനുള്ള അവസരം ലഭ്യമാണ് |
| 6 | ഏറ്റവും കുറഞ്ഞ നിക്ഷേപം | ഒരു ഗ്രാം സ്വർണ്ണത്തിന്റെ വിലയായിരിക്കും ഏറ്റവും കുറഞ്ഞ നിക്ഷേപം |
| 7 | കൂടിയ പരിധി | ഒരു സാമ്പത്തിക വർഷത്തിൽ ഒരു വ്യക്തിക്ക് 500 ഗ്രാം സ്വർണ്ണത്തിൽ കൂടുതൽ വാങ്ങുവാൻ പാടില്ല.ഇതിനായി വ്യക്തിയിൽനിന്നും ഒരു പ്രതിജ്ഞാപത്രം വാങ്ങേണ്ടതാണ് |

| | | |
|---|---|---|
| 8 | സംയുക്തമായി വാങ്ങാവുന്നത് | സംയുക്തമായി കൈവശം വയ്ക്കുന്ന വേളയിൽ 500 ഗ്രാം സ്വർണ്ണമെന്ന പരിധി ആദ്യത്ത അപേക്ഷകനു മാത്രമേ ബാധകമാകൂ |
| 9 | വില | 0.999പരിശുദ്ധിയുള്ള സ്വർണ്ണത്തിന്റെ ഇന്ത്യ ബുള്ളിയൻ 2 & ജ്വല്ലേഴ്സ് അസ്സോസിയേഷൻ പ്രസിദ്ധീകരിക്കുന്ന വാരാന്ത്യവില ഇന്ത്യൻ രൂപയിൽ |
| 10 | പണം നൽകുന്ന രീതി | 20000 രൂപ വരെ പണമായും അതിൽ കൂടുതലുള്ള തുക  ഡിമാന്റ് ഡ്രാഫ്റ്റ്/ ചെക്ക്/ ഇലക്ട്രോണിക് രീതിയിൽ |
| 11 | വിതരണം ചെയ്യുന്ന രീതി | സുവർണ്ണ കടപത്രം സർക്കാർ കടപത്ര നിയമം 2006 പ്രകാരമാണ് പുറപ്പെടുവിക്കുന്നത്. നിക്ഷേപകർക്ക് ഒരു സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും.  കടപത്രങ്ങൾ ഡിമാറ്റ് രീതിയിൽ സൂക്ഷിക്കാവുന്നതാണ്. |
| 12 | കാലാവധിയിൽ ലഭിക്കുന്ന തുക | കാലാവധി എത്തുമ്പോൾ കഴിഞ്ഞ ആഴ്ചയിലെ ശരാശരി സ്വർണ്ണവില(IBJAE) പ്രസിദ്ധീകരിക്കുന്നത്) |
| 13 | വില്പന ശൃംഖല | ബാങ്കുകൾ സ്റ്റോക്ക് ഹോൾഡിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, നിർദ്ദിഷ്ട തപാൽ ഓഫീസുകൾ, അംഗീകൃത തപാൽ ഓഫീസുകൾ, അംഗീകൃത സ്റ്റോക്ക് എക്സ്ചേഞ്ചുകൾ എന്നീ സ്ഥലങ്ങളിൽ നിന്നും നേരിട്ടോ ഏജന്റ് മുഖേനയോ കടപത്രങ്ങൾ വില്ക്കുന്നതാണ്. |
| 14 | പലിശനിരക്ക് | നിക്ഷേപകർക്ക് നഷ്ടപരിഹാമായി മുഖവിലയുടെ 2.50% വാർഷിക പലിശ വർഷത്തിൽ രണ്ടുതവണയായി നൽകുന്നതാണ്. |
| 15 | ഈട് | വായ്പാ ആവശ്യത്തിന് സുവർണ്ണ കടപത്രം ഈടായി നൽകാവുന്നതാണ്.  സാധാരണ സ്വർണ്ണ വായ്പയ്ക്ക് കണക്കാക്കുന്ന രീതിയിൽ LTVകണക്കാക്കേണ്ടതാണ്. |
| 16 | ഉപഭോക്താവിനെ തിരിച്ചറിയൽ | സ്വർണ്ണം വാങ്ങുമ്പോൾ പാലിക്കേണ്ട നടപടിക്രമം KYC യുടെ കാര്യത്തിൽ സുവർണ്ണ ബോണ്ട് വാങ്ങുമ്പോഴും പാലിക്കേണ്ടതാണ്. ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, പാൻ/ ടാൻ, ആധാർ കാർഡ് പാസ്പോർട്ട് എന്നിവ ആവശ്യമാണ്. |
| 17 | നികുതി ബാദ്ധ്യത | വരുമാന നികുതി നിയമം 1961ലെ വകുപ്പുകൾ പ്രകാരം സുവർണ്ണ കടപ്പത്രത്തിനു ലഭിക്കുന്ന പലിശക്ക് നികുതി നൽകേണ്ടതാണ്. കാലാവധി അവസാനിക്കുമ്പോൾ ലഭിക്കുന്ന |

| | | |
|---|---|---|
| | | ബോണ്ടിന്റെ തുകയ്ക്ക് മൂലധന നികുതി ബാധകമല്ല. പക്ഷേ കടപത്രം കൈമാറ്റം ചെയ്യുമ്പോൾ indexations benefit നൽകുന്നതാണ്. |
| 18 | വില്പന സാദ്ധ്യത | ഓഹരി കമ്പോളത്തിൽ ബോണ്ടുകൾ വില്പന നടത്താവുന്നതാണ്. ഓഹരി വിതരണം ചെയ്ത തീയതിക്ക് 15 ദിവസത്തിനു ശേഷം ഭാരതീയ റിസർവ് ബാങ്ക് അറിയിക്കുന്ന തീയതി മുതൽ ബോണ്ടുകളുടെ വാങ്ങലും വില്പനയും നടത്താവുന്നതാണ്. |
| 19 | SLR അർഹത | SLRആവശ്യത്തിനായി സുവർണ്ണ ബോണ്ടുകൾ ഉപയോഗിക്കാവുന്നതാണ്. |
| 20 | കമ്മീഷൻ | ബാങ്കുകളിൽ ആകെ പിരിഞ്ഞുകിട്ടിയ തുകയുടെ 1% കമ്മീഷനായി നൽകുന്നതാണ്. അതിൽ നിന്നും കുറഞ്ഞത് 50%ഏജന്റിനോ സബ് ഏജന്റിനോ അവരിൽനിന്നും ലഭിച്ച ബിസിനസ്സിന് ആനുപാതികമായി നല്കാവുന്നതാണ്. |

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന:**2016-2017/2274**